പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1848 11.02.2013 - ൽ മറുപടിയ്ക്ക്

## മിശ്രവിവാഹിതർക്ക് ധനസഹായം

ചോദ്യം
ശ്രീ. കെ. അജിത്

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | മിശ്രവിവാഹിതർക്ക് സർക്കാർ നൽകിവരുന്ന ധനസഹായം എത്രയെന്നും, സഹായധനം അനുവദിക്കാനുള്ള മാനദണ്ഡം എന്തെന്നും വെളിപ്പെടുത്തുമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെടാത്ത മിശ്രവിവാഹ ദമ്പതികൾക്കാണ് സാമൂഹ്യനീതി വകുപ്പു വഴി ധനസഹായം നൽകി വരുന്നത്. 09.09.2010 നോ അതിനുശേഷമോ വിവാഹം കഴിഞ്ഞവർക്ക് 30,000/- രൂപ (വാർഷിക കുടുംബ വരുമാന പരിധി 22,000/- രൂപ) ധനസഹായമായി അനുവദിച്ചു വരുന്നു. വിവാഹ ശേഷം ഒരു വർഷം കഴിഞ്ഞ് മൂന്നു വർഷത്തിനുള്ളിൽ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർ അല്ലെങ്കിൽ ശിശു വികസന പദ്ധതി ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. |
| (ബി) | ഈ സർക്കാർ, മിശ്രവിവാഹിതർക്കു നൽകുന്ന സാമ്പത്തിക സഹായം എത്ര ആളുകൾക്കു നൽകിയിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ; | (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം 95 മിശ്രവിവാഹ ദമ്പതികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്താകെയും, കോട്ടയം ജില്ലയിലും മിശ്രവിവാഹിതർക്കുള്ള ധനസഹായത്തിനുള്ള അപേക്ഷയിന്മേൽ എത്ര ആളുകൾക്ക് സഹായം അനുവദിക്കാനുണ്ടെന്നും, അപേക്ഷകൾ എന്നു മുതലുള്ളതാണെന്നും വെളിപ്പെടുത്തുമോ; | (സി) | സംസ്ഥാനത്താകെ 206 അപേക്ഷകൾക്കും ഇതിൽ കോട്ടയം ജില്ലയിൽ നിന്നും 14 അപേക്ഷകൾക്കുമാണ് ഇനി ധനസഹായം അനുവദിക്കേണ്ടത്. 2010 മുതലുള്ള അപേക്ഷകർക്ക് ധനസഹായം അനുവദിക്കാനുണ്ട്. |
| (ഡി) | സാമ്പത്തികസഹായം അനുവദിക്കുവാൻ കാലതാമസം നേരിടുന്നുവെങ്കിൽ, ആയതിന്റെ കാരണമെന്തെന്നു വ്യക്തമാക്കുമോ? | (ഡി) | ധനസഹായവും വരുമാന പരിധിയും വർദ്ധിപ്പിച്ചതിനു ശേഷം അപേക്ഷകരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് കണ്ടുവരുന്നു. ഇതാണ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം. |

R. Vijayan

സെക്ഷൻ ഓഫീസർ